പതിമൂന്നാം കേരള നിയമ സഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5216 05.07.2012 ൽ മറുപടിയ്ക്ക്

## മോട്ടോർ വാഹന നികുതി കുടിശ്ശിക

ചോദ്യം
ശ്രീ.പി.തിലോത്തമൻ

ഉത്തരം
ശ്രീ.ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മോട്ടോർ വാഹന നികുതി ഇനത്തിൽ ഇനിയും പിരച്ചെടുക്കാനുള്ള കുടിശ്ശിക എത്രയാണെന്ന് പറയാമോ ; ഇത് പിരിച്ചെടുക്കുന്നതിന് നിലവിലുള്ള തടസ്സം എന്താണെന്ന് പറയാമോ; | (എ) | പ്രത്യേകം കണക്കാക്കിയിട്ടില്ല. ജീവനക്കാരുടെ കുറവും നികുതി അടയ്ക്കുന്നതിന് ക്ഷേമനിധി നിർബന്ധമാക്കിയതും നികുതി നിരക്കിനേക്കാൾ കൂടുതൽ ക്ഷേമനിധിയുടെ നിരക്ക് വരുന്നതും കുടിശ്ശിക വരുത്തിയ വാഹനം പിടിച്ചെടുത്ത് സൂക്ഷിക്കുന്നതിനുള്ള സ്ഥലം ലഭ്യമല്ലാത്തതുമാണ് കുടിശ്ശിക പിരിച്ചെടുക്കുന്നതിൽ നിലവിലുള്ള പ്രധാന തടസ്സങ്ങൾ. |
| (ബി) | ജീവനക്കാരുടെ കുറവുമൂലം മേൽപ്പറഞ്ഞ കുടിശ്ശിക പിരിക്കുന്നതടക്കം മോട്ടോർ വാഹന വകുപ്പിന്റെ റവന്യൂ പിരിവ് വേണ്ട രീതിയിൽ നടക്കുന്നില്ല എന്ന കാര്യം ബോധ്യപ്പെട്ടിട്ടുണ്ടോ ; | (ബി) | ഉണ്ട് |
| (സി) | മോട്ടോർ വാഹന വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാരുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും എത്ര പേരെ നിയമിച്ചു എന്നു പറയാമോ; മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ച് മോട്ടോർ വാഹന വകുപ്പിലെ നിലവിലുള്ള ജോലിഭാരം കുറയ്ക്കുവാനും കുടിശ്ശിക പിരിച്ചെടുക്കുവാനും നടപടി സ്വീകരിക്കുമോ? | (സി) | എ.എം.വി.ഐ റാങ്ക് ലിസ്റ്റിൽ നിന്നും 75 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ തസ്തികയിൽ നിലവിലുള്ള എല്ലാ ഒഴിവുകളും നികത്തിയിട്ടുണ്ട്. കൂടുതൽ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. തസ്തികകൾ അനുവദിച്ചതിനുശേഷം മാത്രമേ നിയമനങ്ങൾ നടത്താൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ